# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1991 — 14.08.2017 — ൽ മറുപടിക്ക്

## റേഷൻകാർഡിൽ പുതുതായി അംഗങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ

### ചോദ്യം

**ശ്രീ. ടി. വി. ഇബ്രാഹിം :**

(എ) സംസ്ഥാനത്ത് റേഷൻകാർഡിൽ പുതുതായി ആളുകളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ;

(ബി) ഇതിന് അപേക്ഷ സ്വീകരിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതിനുള്ള സമയക്രമം തീരുമാനിച്ചിട്ടുണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡ് നൽകുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഇ) ഇല്ലെങ്കിൽ പുതിയ കാർഡിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള സമയക്രമം, നിബന്ധനകൾ, അപേക്ഷ നൽകി എത്ര ദിവസത്തിനകം കാർഡ് നൽകും തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)**

(എ) യും (ബി) യും നിലവിൽ പുതുക്കിയ റേഷൻകാർഡുകളുടെ വിതരണം നടന്നു വരുകയാണ്. വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട രേഖകൾ (ജനന സർട്ടിഫിക്കറ്റ്, റിഡക്ഷൻ സർട്ടിഫിക്കറ്റ്, നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ്, നോൺ റിന്യൂവൽ സർട്ടിഫിക്കറ്റ്, എം.എൽ.എ, എം.പി., തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻ എന്നിവർ നൽകുന്ന സർട്ടിഫിക്കറ്റുകൾ) സഹിതം അതാത് താലൂക്ക് സപ്ലൈ ഓഫീസുകളിൽ അപേക്ഷിക്കാവുന്നതാണ്.

സി) യും (ഡി) യും (ഇ) യും റേഷൻ കാർഡ് വിതരണം പൂർത്തിയാക്കിയതിനു ശേഷം പുതിയ റേഷൻകാർഡ് നൽകുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന സമയക്രമം പത്ര/ദൃശ്യ മാധ്യമങ്ങൾ വഴിയും റേഷൻ കടകൾ വഴിയും അറിയിക്കുന്നതാണ്. പുതിയ റേഷൻകാർഡിനായി അപേക്ഷിക്കുമ്പോൾ നിർദ്ദിഷ്ട ഫോറത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും, ആവശ്യമായ രേഖകൾ ഉൾപ്പെടെ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസുകളിൽ അപേക്ഷ നൽകാവുന്നതാണ്. ഫീൽഡ് തല അന്വേഷണം ആവശ്യമില്ലാത്ത അപേക്ഷയാണെങ്കിൽ അപേക്ഷ നൽകുന്ന അന്നേ ദിവസവും, ഫീൽഡ് തല അന്വേഷണം ആവശ്യമുണ്ടെങ്കിൽ നിശ്ചിത സമയ പരിധിക്കുള്ളിലും റേഷൻകാർഡ് നൽകുന്നതിനുള്ള സംവിധാനം തുടരുന്നതാണ്.

*സെക്ഷൻ ഓഫീസർ*